**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 657** **11-06-2024 - ൽ മറുപടിയ്ക്ക്**

**പ്രവർത്തനം അവസാനിപ്പിച്ച സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വ്യവഹാരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | തൃശ്ശൂർ ജില്ലയിലെ മുളങ്കുന്നത്തുകാവ് പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നതും പ്രവർത്തനം അവസാനിപ്പിച്ചതുമായ കെൽട്രോൺ ഡിവൈസസ്, കെൽട്രോൺ എന്നീ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നിലവിലുള്ള വ്യവഹാരങ്ങൾ തീർപ്പാക്കപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല |
| (ബി) | ഇല്ലെങ്കിൽ ആയതിനു സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | കെൽട്രോൺ പവർ ഡിവൈസസ്, കെൽട്രോൺ റെക്ടിഫയേഴ്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് Co.Pt 40/2001, Co.Pt 31/2002എന്നീ രണ്ടു കേസുകളാണ് ബഹു. കേരള ഹൈക്കോടതിയിൽ നിലവി-ലുള്ളത്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഒഫീഷ്യൽ ലിക്വിഡേറ്ററുടെ കൈവശമുള്ള ടി രണ്ടു കമ്പനികളുടെയും മുളങ്കുന്നത്ത്കാവിൽ ഉള്ള വസ്തുക്കൾ തിരിച്ചെടുക്കുന്നതിനായി, 100MW Solar Panel ഉണ്ടാക്കാൻ ശേഷിയുള്ള ഒരു പ്രോജക്ട് സ്ഥാപിക്കുന്നതിനുള്ള DPR സഹിതം കെൽട്രോൺ, Co. Appl.451/2017, Co.Appl. No.457/2017 എന്നിവ ഫയൽ ചെയ്തിരുന്നു. എന്നാൽ 31/07/2023 ലെ ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം കെൽട്രോൺ ഫയൽ ചെയ്തിരുന്ന ആപ്ലിക്കേഷനുകൾ ഡിസ്മിസ് ചെയ്തിരുന്നു. എന്നാൽ നിർദ്ദിഷ്ട ഭൂമി വിട്ടുകിട്ടുന്നതിന് വേണ്ടി ടി സ്ഥലത്ത് നടപ്പിലാക്കാനു-ദ്ദേശിക്കുന്ന സ്കീമിന്റെ ശിപാർശ സമർപ്പിക്കുന്ന മുറയ്ക്ക് കമ്പനീസ് ആക്ട് 1956 ലെ 391 മുതൽ 394 വരെ വകുപ്പുകൾ പ്രകാരം കെൽട്രോണിന് പുതിയ ആപ്ലിക്കേഷൻ ഫയൽ ചെയ്യാവുന്നതാണെന്നും ടി ഉത്തരവിൽ പരാമർശിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് കെൽട്രോൺ National Institute of Oceanography-Goa, NTRO, Indian Navy എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ച് Large Acoustic Arrays ടി സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്നതിനു വേണ്ടി-യിട്ടുള്ള Repair / Refurbishment ജോലികൾ നടത്തുന്നതിന് വേണ്ട സാധ്യതാപഠനം നടത്തി- |

| | | | |
|---|---|---|---|
| | | | വരികയാണ്. കൂടാതെ, സമാനമായ Arrays, NIO & NTRO എന്നീ സ്ഥാപനങ്ങൾക്കുവേണ്ടി നിർമ്മിക്കുന്നതിനുള്ള സാധ്യത പഠനവും കെൽട്രോൺ നടത്തിവരികയാണ്. ഇതുമായി ബന്ധപ്പെട്ട DPR ഉടൻ തന്നെ കെൽട്രോൺ കോടതിയിൽ സമർപ്പിക്കുന്നതാണ്. കൂടാതെ കമ്പനീസ് ആക്ട് സെക്ഷൻ 391 മുതൽ 394 പ്രകാരമുള്ള അപേക്ഷയുടെ കരടും തയ്യാറാക്കിയിട്ടുണ്ട്. |
| (സി) | ഈ വ്യവഹാരങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (സി) | ബി പിരിവിലെ മറുപടി കണ്ടാലും |
| (ഡി) | വ്യവഹാരങ്ങൾ തീർന്നു സ്ഥലം ഏറ്റെടുക്കുന്ന മുറയ്ക്ക് വ്യവസായ വകുപ്പ് ഈ സ്ഥലത്ത് ആരംഭിക്കുന്ന പുതിയ പദ്ധതികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ? | (ഡി) | ബി പിരിവിലെ മറുപടി കണ്ടാലും |

സെക്ഷൻ ഓഫീസർ